# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2479 — 23/01/2014-ൽ മറുപടിക്ക്

## ആദിവാസികൾ നേരിടുന്ന പ്രയാസങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. റ്റി.യു. കുരുവിള<br>ശ്രീ. സി.എഫ്. തോമസ്<br>ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ | ആദിവാസികൾ നേരിടുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചുവരുന്ന പുതിയ നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | എ | പട്ടികവർഗ്ഗക്കാർ നേരിടുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചുവരുന്ന പുതിയ നടപടികൾ ചുവടെ ചേർക്കുന്നു.<br>1. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അമ്മമാരുടെയും, കുട്ടികളുടെയും പോഷകാഹാര ലഭ്യത ഉറപ്പാക്കാൻ ഗർഭധാരണം നടന്ന് മൂന്നാം മാസം മുതൽ കുട്ടിക്ക് ഒരു വയസ്സ് വരെയുള്ള 18 മാസങ്ങളിൽ പ്രതിമാസം 1000/- രൂപ ധനസഹായം നൽകുന്ന ജനനി ജന്മരക്ഷാ പദ്ധതി<br>2. വയനാട്, പാലക്കാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിലെ പട്ടികവർഗ്ഗക്കാരിൽ പാരമ്പര്യ അരിവാൾ രോഗികൾക്ക് മരുന്നിനും മറ്റ് ജീവനോപാധികൾക്കും പ്രതിമാസം 1000/- രൂപ ധനസഹായം നൽകുന്ന പദ്ധതി.<br>3. മാതാപിതാക്കൾ സംരക്ഷിക്കാൻ ഇല്ലാത്ത അനാഥരും അശരണരുമായ പട്ടികവർഗ്ഗ കുട്ടികൾക്ക് പ്രത്യേക സഹായം നൽകുന്ന കൈത്താങ്ങ് പദ്ധതി.<br>4. പട്ടികവർഗ്ഗ കോളനികളുടെ സ്വയം പര്യാപ്തത/സമഗ്ര വികസനം ലക്ഷ്യമിട്ടിട്ടുള്ള മോഡൽ കോളനി, ഹാംലറ്റ് വികസന പദ്ധതി.<br>5. സംസ്ഥാനത്തെ തൊഴിൽ രഹിതരായ 500 പട്ടികവർഗ്ഗ യുവതികൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകി സൗജന്യമായി ഓട്ടോറിക്ഷാ നൽകുന്ന പദ്ധതി.<br>6. ഭൂരഹിത കുടുംബങ്ങൾക്ക് 25 സെന്റിൽ കുറയാതെയും ഒരേക്കറിൽ കവിയാതെയും സ്വകാര്യ ഭൂമി വിലയ്ക്കുവാങ്ങുന്നതിന് 10 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള പദ്ധതി .<br>7. പട്ടികവർഗ്ഗക്കാരുടെ ഭവന പുനരുദ്ധാരണത്തിന് ഒരു ലക്ഷം രൂപാ വരെ നൽകുന്ന പദ്ധതി.<br>8. സംസ്ഥാനത്തെ ഏക പട്ടികവർഗ്ഗ പഞ്ചായത്തായ ഇടമലക്കുടിയുടെ സമഗ്ര |

| | | | |
|---|---|---|---|
| | | | വികസനത്തിനായി 10.35 കോടി രൂപയുടെ പദ്ധതി.<br>9. പട്ടികവർഗ്ഗ വിദ്യാർത്ഥികളെ ഊരുകളിൽ നിന്നും സ്കൂളിൽ എത്തിക്കുന്നതിന് വാഹനചെലവ് നൽകുന്ന ഗോത്ര സാരഥി പദ്ധതി.<br>10. 13-ാം ധനകാര്യ കമ്മീഷൻ തുക ഉപയോഗിച്ച് പ്രത്യേക ദുർബല ഗോത്ര വിഭാഗത്തിന്റെ സമഗ്ര വികസനത്തിനായുള്ള 148 കോടി രൂപയുടെ പ്രത്യേക പദ്ധതി.<br>11. വനാവകാശ നിയമപ്രകാരം ഭൂമി ലഭിച്ച പട്ടികവർഗ്ഗക്കാരുടെ ശാശ്വത സാമ്പത്തിക ഭദ്രതയ്ക്കുള്ള പദ്ധതി.<br>12. ഭൂരഹിത പട്ടികവർഗ്ഗക്കാരുടെ പുനരധിവാസ ത്തിനുള്ള പദ്ധതി.<br>13. വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികവർഗ്ഗ ക്കാരുടെ സംരക്ഷണത്തിനും വരുമാന വർദ്ധനവിനുമുള്ള പദ്ധതികൾ.<br>14. ആശ്രമം മോഡൽ റസിഡൻഷ്യൽ സ്കൂൾ, പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകളുടെ ഭൗതിക പശ്ചാത്തല സൗകര്യ വർദ്ധനവിനുള്ള വിദ്യോദയം പദ്ധതി.<br>15. അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗ യുവതീ-യുവാക്കൾക്ക് കരിയർ ഗൈഡൻസിംഗ് നൽകി അനുയോജ്യമായ തൊഴിൽ മേഖലയിൽ സ്കിൽ ഡെവലപ്മെന്റിനുള്ള ഗിരിജ്യോതി പദ്ധതി.<br>16. പട്ടികവർഗ്ഗക്കാരുടെ കൈവശമുള്ള 275 ഹെക്ടർ ഭൂമിയിൽ റബ്ബർ ബോർഡുമായി സഹകരിച്ച് റബ്ബർ കൃഷി നടത്തുന്ന പദ്ധതി.<br>17. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സർഗ്ഗശേഷി പരിപോഷിപ്പിക്കുന്നതിന് ആശ്രമ മോഡൽ റസിഡൻഷ്യൽ വിദ്യാർത്ഥികൾക്കായി സർഗ്ഗോത്സവം, പട്ടികവർഗ്ഗക്കാരുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനും വംശീയ വൈദ്യം പരിപോഷിപ്പിക്കുന്നതിനും കലാ-സാംസ്കാരിക പ്രോത്സാഹനത്തിനുമായി പൈതൃകോൽസവം പരിപാടി എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. |
| ബി | വിവിധ പ്രദേശങ്ങളിൽ പുനരധിവസിപ്പിക്കപ്പെടുന്നതിന് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് പ്രഖ്യാപിച്ചിട്ടുള്ള പുനരധിവാസ പദ്ധതികൾ നടപ്പിലാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് സമയബന്ധിതമായി പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | ബി | പുനരധിവാസ മേഖലകളിൽ ഭവന നിർമ്മാണത്തിന് കാല താമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ വലിയ പുനരധിവാസ മേഖലകളായ കണ്ണൂരിലെ ആറളം, ആലക്കോട്, വയനാട്ടിലെ സുഗന്ധഗിരി, കൊല്ലത്തെ കരിയോട്ടുമല എന്നീ മേഖലകൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ പുനരധിവാസ വികസന പ്രവർത്തനങ്ങളും ജീവനോപാധി പദ്ധതികളും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. സുഗന്ധഗിരി മേഖലയിൽ ലൈവ് സ്റ്റോക്ക്-കാർഷിക വികസന പദ്ധതികൾ, മലബാർ റീജിയണൽ കോ-ഓപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസേഴ്സ് യൂണിയൻ മുഖേന |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കുന്നതിന് 26.11.2013 ലെ സർക്കാർ ഉത്തരവ് (ആർ.റ്റി) 1684/13/പജപവവിവ പ്രകാരം 233 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. സുഗന്ധഗിരിയിലും ആറളത്തും കുരിയോട്ടുമലയിലും പൊതുമരാമത്ത് വകുപ്പ് മുഖേന റോഡ് വികസന പദ്ധതി നടന്നുവരുന്നു. കുരിയോട്ടുമലയിൽ നിലവിൽ താമസമുള്ള 81 പേർക്ക് വീട് അനുവദിക്കുന്നതിന് 16.01.2014 ൽ ചേർന്ന എംപവേർഡ് മിഷൻ കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ട്. |

R.V.

**സെക്ഷൻ ഓഫീസർ**